# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2972 13/07/2015-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണ - പരിശീലന കേന്ദ്രം**

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
|---|---|---|---|
| (എ) | മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണത്തിനും പരിശീലനത്തിനുമായി താനൂർ നിയോജകമണ്ഡലത്തിലെ ഉള്ള്യാലിൽ ആരംഭിക്കുന്ന കേന്ദ്രത്തിന്റെ നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) | താനൂർ നിയോജകമണ്ഡലത്തിലെ ഉള്ള്യാൽ മത്സ്യഗ്രാമത്തിലുള്ള ഫിഷറീസ് വകുപ്പിന്റെ സ്ഥലത്ത് ഒരു ഫിഷറീസ് എക്സ്റ്റൻഷൻ - കം - ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് 88.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത സെന്ററിന്റെ നിർമ്മാണത്തിന്റെ തുടർ നടപടികൾ സ്വീകരിക്കാൻ പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എത്ര തുകയാണ് ഈ പദ്ധതിക്കായി നബാർഡിൽ നിന്ന് ലഭ്യമായിട്ടുള്ളത്; | (ബി) | പ്രസ്തുത പദ്ധതിക്കായി 75.48 ലക്ഷം രൂപയുടെ ലോൺ ആണ് നബാർഡ് നൽകുന്നത്. ഇതിന്റെ ആദ്യ ഗഡുവായി 15.1 ലക്ഷം രൂപ നബാർഡ് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കേന്ദ്രം എന്നത്തേയ്ക്ക് ആരംഭിക്കാനാകും; വിശദാംശങ്ങൾ നൽകാമോ? | (സി) | പ്രസ്തുത കേന്ദ്രം മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രം മുഖേനയാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. നബാർഡിന്റെ മാർഗ്ഗരേഖ പ്രകാരം 2017 മാർച്ച് 31-ാം തീയതിയ്ക്കകം ടി പദ്ധതി പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ 2016 ജൂലായ് മാസത്തോടുകൂടി ഈ പദ്ധതി പൂർത്തീകരിയ്ക്കാനാണ് ലക്ഷ്യമിട്ടിരിയ്ക്കുന്നത്. |

**സെക്ഷൻ ആഫീസർ**